**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2775** **18-03-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ നിന്നും പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കാമോ; | (എ) | പ്രസ്തുത നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് പുല്ലച്ചൽകോണം കല്ലുവിളമുകൾ, കുട്ടത്തിവിള വേങ്കവിള എന്നീ പട്ടികജാതി കോളനികളെ 2016-17 സാമ്പത്തികവർഷത്തിൽ തെരഞ്ഞെടുത്തിരുന്നു. പുല്ലച്ചൽകോണം കല്ലുവിളമുകൾ കോളനിയിൽ റോഡ് സൈഡ് വാൾ, കുഴൽക്കിണർ, വാട്ടർടാങ്ക്, ഭവന നവീകരണം, കലുങ്ക് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നീ നവീകരണ പ്രവൃത്തികൾ ഒരു കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടത്തിവിള വേങ്കവിള പട്ടികജാതി കോളനിയിൽ ശ്മശാനം, റോഡ് സൈഡ് വാൾ, ഭവന നവീകരണം, വാട്ടർടാങ്ക്, റോഡ് എന്നീ നവീകരണ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും 94.19 ലക്ഷം രൂപ ചെലവഴിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ഓരോ പദ്ധതിയ്ക്കുമായി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്താണ് എന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് പുല്ലച്ചൽകോണം കല്ലുവിളമുകൾ, കുട്ടത്തിവിള വേങ്കവിള എന്നീ പട്ടികജാതി കോളനികളെ 2016-17 സാമ്പത്തികവർഷത്തിൽ തെരഞ്ഞെടുത്തിരുന്നു. പുല്ലച്ചൽകോണം കല്ലുവിളമുകൾ കോളനിയിൽ റോഡ് സൈഡ് വാൾ, കുഴൽക്കിണർ, വാട്ടർടാങ്ക്, ഭവന നവീകരണം, കലുങ്ക് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നീ നവീകരണ പ്രവൃത്തികൾ ഒരു കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടത്തിവിള വേങ്കവിള പട്ടികജാതി കോളനിയിൽ ശ്മശാനം, റോഡ് സൈഡ് വാൾ, ഭവന നവീകരണം, വാട്ടർടാങ്ക്, റോഡ് എന്നീ നവീകരണ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും 94.19 ലക്ഷം രൂപ ചെലവഴിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലേയ്ക്ക് പാറശ്ശാല മണ്ഡലത്തിൽ | (സി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ നിന്നും |

| | | | |
|---|---|---|---|
| | നിന്നും പുതുതായി ഏതൊക്കെ കോളനികൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നുള്ള വിവരം അറിയിക്കാമോ? | | അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് പുതുതായി ഉൾപ്പെടുത്താൻ കഴിയുന്ന കോളനികളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ